5435
26/8/13

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വകുപ്പ് - ജീവനക്കാര്യം - 700 ട്രൈബൽ വാച്ചർമാരുടെ തസ്തികകളിലേയ്ക്കുള്ള നിയമനം - സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യ ജീവി (എഫ്) വകുപ്പ്

സ.ഉ. (എം. എസ്) നമ്പർ. 80/13/ വനം                    തിരുവനന്തപുരം. തീയതി. 23.08.2013

പരാമർശം:-(1). 15.05.2013 - ലെ സ.ഉ. (എം. എസ്.) 53/13/ വ.വ.ജ.വ
(2). 03.06.2013 - ലെ സ.ഉ. (എം. എസ്) 59/2013/വ.വ.ജ.വ
(3). 19.07.2013 - ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ SRI (3) 6810/13/SW നമ്പർ കത്ത്.

ഉത്തരവ്

വനം വന്യ ജീവി വകുപ്പിൽ ആദിവാസി വാച്ചർമാരുടെ 700 തസ്തികകൾ സൃഷ്ടിച്ച് 700 ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നൽകുന്നതിന് പരാമർശം ഒന്നിലെ സർക്കാർ ഉത്തവ് വഴി ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയ്ക്ക് നീക്കി വെച്ചിരുന്ന 120 ആദിവാസി വാച്ചർമാരുടെ 91 തസ്തികകളിൽ പാലക്കാട് ജില്ലയിലെ അഹാഡ്സ് നിർത്തലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ട ആദിവാസിവിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പരാമർശം രണ്ടിലെ ഉത്തരവ് വഴി നിയമിച്ചിരുന്നു. പരാമർശം ഒന്നിലെ ഉത്തരവിലെ നിയമന രീതി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിലവിൽ സ്വീകരിച്ചു വരുന്ന റിക്രൂട്ട്മെൻറ് നടപടിക്രമങ്ങൾക്ക് അനുസൃതമല്ലെന്നും ആയതിനാൽ ഈ പദ്ധതി പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് കമ്മീഷൻ നിർദ്ദേശിക്കുന്ന ഭേദഗതികൾക്ക് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 3 - പ്രകാരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന് താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

1) പരാമർശം ഒന്നു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പാലക്കാട് ജില്ലയിൽ അഹാഡ്സിലെ ജീവനക്കാരെ നിയമിച്ച 91 ഒഴിവുകൾ കഴിച്ച് താഴെപ്പറയുന്ന ട്രൈബൽ വാച്ചർമാരുടെ ഒഴിവുകളാണ് ഓരോ ജില്ലയ്ക്കും നീക്കി വച്ചിട്ടുള്ളത്

| | | |
|---|---|---|
| തിരുവനന്തപുരം | - | 20 |
| കൊല്ലം | - | 40 |
| പത്തനംതിട്ട | - | 50 |
| കോട്ടയം | - | 20 |
| ഇടുക്കി | - | 220 |
| എറണാകുളം | - | 10 |
| തൃശ്ശൂർ | - | 50 |
| പാലക്കാട് | - | 29 |
| മലപ്പുറം | - | 20 |
| കോഴിക്കോട് | - | 10 |
| വയനാട് | - | 120 |
| കണ്ണൂർ / കാസർഗോഡ് | - | 20 |
| **ആകെ** | - | 609 |

അതാത് ജില്ലകൾക്ക് നീക്കി വച്ചിട്ടുള്ള ട്രൈബൽ വാച്ചർമാരുടെ ഒഴിവുകൾ വനം വകുപ്പിൻെറ അതാത് ജില്ലാതല നിയമനാധികാരികൾ ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസർമാരെ ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നതിന് നിർദ്ദേശം നൽകേണ്ടതാകുന്നു.

2) അതാത് ജില്ലാ പി.എസ്.സി. ഓഫീസർമാർ ഒഴിവുകൾ ഈ ഉത്തരവിൻെറ അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷ ഫോറത്തിൽ നിർദ്ദേശിക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ പി.എസ്.സി. സ്വീകരിച്ച് വരുന്ന നടപടിക്രമം അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ഓൺ ലൈൻ അപേക്ഷ ഒഴിവാക്കണം CCF, (E&TW) VSS, EDC മുഖേന വിജ്ഞാപനത്തിന് ആദിവാസി സെറ്റിൽമെൻറുകളിൽ വ്യാപകമായ പ്രചാരണം ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പ് നൽകേണ്ടതാണ്

3) അപേക്ഷകൾ പി.എസ്.സി. യുടെ ജില്ലാ ഓഫീസുകൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷയ്ക്ക് യാതൊരു വിധമായ ഫീസും ഈടാക്കേണ്ടതില്ല. അപേക്ഷകരുടെ പ്രായം 01. 01. 2013 - ൽ 50 വയസ്സ് കഴിയരുത്.

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1 ജനനതീയതി / പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
2 അപേക്ഷകർ ഗിരിവർഗ്ഗക്കാരാണെന്ന തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.
3 ഗിരിവർഗ്ഗസെറ്റിൽ മെൻറിൽസ്ഥിരം താമസക്കാരനാണെന്ന തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ /

ട്രൈബൽ എക്സ്റ്റഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്
4 അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി
സേവനം അനുഷ്ഠിച്ചു വരുന്നു എന്ന് തെളിയിക്കുന്ന
റേഞ്ച് ഓഫീസറോ അതിന് മുകളിലോ ഉള്ള
വനം വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന സർട്ടിഫിക്കറ്റ്.
5 അവിവാഹിതരായ അമ്മമാരുടെ മക്കളാണെങ്കിൽ
ആ വിവരം അപേക്ഷയിൽ രേഖപ്പെടുത്തണം.

4) മേൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതാത് ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരാമർശം (1) - ലെ സർക്കാർ ഉത്തരവിൽ 4 (ഇ) യിൽ നിർദ്ദേശിക്കുന്ന പരിശോധനാ സമിതി (സ്കൂട്ടിനി കമ്മിറ്റി) സൂക്ഷ്മ പരിശോധന നടത്തി ചുരുക്ക പട്ടിക തയ്യാറാക്കി കമ്മറ്റിയുടെ കൺവീനർ പി.എസ്.സി.യുടെ ജില്ലാ ഓഫീസർമാർക്ക് കൈമാറണം. കമ്മിറ്റിയുടെ കൺവീനർ ഇതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

5) പ്രസ്തുത ലിസ്റ്റിൽനിന്നും മേൽ ഉത്തരവിലെ 4 (ഇ) യിൽ നിർദ്ദേശിച്ച രണ്ടാമത്തെ സമിതി ഇൻറർവ്യൂ നടത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതും ഇൻറർവ്യൂവിൻെറ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമന ശുപാർശ ജില്ലാ പി.എസ്.സി ഉദ്യോഗാർത്ഥികളെയും അതാത് വനം വകുപ്പിലെ നിയമന അധികാരികളെയും അറിയിക്കേണ്ടതാണ്. ഇൻറർവ്യൂ വനം വകുപ്പിൻെറ അതാത് ജില്ലാ നിയമന അധികാരികളുടെ ആഫീസിൽ വച്ച് നടത്തേണ്ടതാണ് . ഇൻറർവ്യൂവിന് വേണ്ടിയുള്ള അറിയിപ്പുകൾ അതാത് ജില്ലാ പി.എസ്.സി. ആഫീസുകൾ പുറപ്പെടുവിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ രണ്ടാമത്തെ കമ്മിറ്റിയുടെ കൺവീനർ സ്വീകരിക്കേണ്ടതാണ്.

നിയമന ഉത്തരവ് അതാത് ജില്ലകളിലെ വനം വകുപ്പിൻെറ നിയമന അധികാരികൾ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പ്രദീപ് കുമാർ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കണസർവേറ്റർ (വൈൽഡ് ലൈഫ്) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം

അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കണസർവേറ്റർ (ഭരണം), തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ( with C/L)

പ്രിൻസിപ്പൽ അക്കൗ. ജനറൽ (ഓഡിറ്റ്/ എ &ഇ)കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

അനുബന്ധം

<u>അപേക്ഷയുടെ മാതൃക</u>

1. അപേക്ഷകൻെറ പേര് :
2. അപേക്ഷകൻെറ പിതാവിൻെറ പേര് :
3. അപേക്ഷകൻെറ പ്രായം (01.01.2013 - ൽ 50വയസ്സ് കഴിയരുത്) :
4. ജാതി :
5. അപേക്ഷകൻ സ്ത്രീയോ / പുരുഷനോ :
6. സ്ഥിരം മേൽവിലാസം :
7. വാച്ചറായി വനം വകുപ്പിൽ ജോലി ചെയ്തിട്ടുണ്ടോ :
8. ഉണ്ടെങ്കിൽ എത്രകാലം ജോലി ചെയ്തിട്ടുണ്ട് :
9. അവിവാഹിതയായ അമ്മയുടെ ആശ്രിതനാണോ/ആശ്രിതയാണോ :

അപേക്ഷകൻെറ ഒപ്പ്

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്

1 ജനനതീയതി / പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

2 അപേക്ഷകർ ഗിരിവർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.

3 ഗിരിവർഗ്ഗസെറ്റിൽ മെൻറിൽസ്ഥിരം താമസക്കാരനാണെന്ന് തെളിക്കുന്ന ഫോറസ്റ്റ് റേഞ്ചർ /

ട്രൈബൽ എക്സ്റ്റെഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്

4 അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ഠിച്ചു വരുന്നതോ, സേവനം അനുഷ്ഠിച്ചിരുന്നതോ എന്ന് തെളിയിക്കുന്ന റേഞ്ച് ഓഫീസറോ അതിന് മുകളിലോ ഉള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന സർട്ടിഫിക്കറ്റ്.

അപേക്ഷകർ അവിവാഹിതയായ അമ്മമാരുടെ ആശ്രിതരാണെങ്കിൽ അക്കാര്യം ഫോറസ്റ്റ് റേഞ്ച് ഓഫീസറോ അതിന് മുകളിലുള്ള വനം വകുപ്പിലെ ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്